# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2091      06/02/2019-ൽ മറുപടിക്ക്

## ഡിസ്ട്രിക്ട് ഏർളി ഇൻറർവെൻഷൻ സെന്ററുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി** | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | കുഞ്ഞുങ്ങളിലെ വൈകല്യങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർളി ഇൻറർവെൻഷൻ (DEIC) സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; | എ) | ഉണ്ട് |
| ബി) | പ്രത്യേക പരിശീലനം സിദ്ധിച്ച ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ ഈ പദ്ധതിക്ക് കീഴിൽ നിയമിക്കുന്നുണ്ടോ; | ബി) | ഉണ്ട് |
| സി) | ഈ പദ്ധതിയിലേക്കായി പ്രത്യേകമായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; | സി) | ഈ പദ്ധതിയിലേക്കായി RBSK-DEIC മാർഗ്ഗ നിർദ്ദേശമനുസരിച്ച് കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.എം. വഴി അംഗീകരിച്ച ജീവനക്കാരെയാണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. |
| ഡി) | ഡിസ്ട്രിക്ട് ഏർളി ഇൻറർവെൻഷൻ സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി DEIC യിൽ ചികിത്സയ്ക്കും മറ്റ് തെറാപ്പികൾക്കുമായി വരുന്ന എല്ലാ കുട്ടികളുടെയും ചികിത്സാപരമായ വിശദാംശങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനാവശ്യമായ പ്രോപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും ശിശു സൗഹൃദാന്തരീക്ഷവും ഒരുക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സാമൂഹ്യ സുരക്ഷ മിഷന്റെ ഭാഗമായ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസ്എബിലിറ്റിയുമായി ചേർന്ന് കൊണ്ട്, DEIC ലേക്ക് എത്തിച്ചേരാൻ പ്രയാസമുള്ള സ്ഥലങ്ങളിലെ കുട്ടികൾക്ക് ആവശ്യാനുസരണം ഇതിന്റെ സേവനം ലഭ്യമാക്കുന്നതിനായി 24 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ (MIU) KSSM ന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ